LIBRARY ARCHIVES Kerala Legislative Assembly

(3) പ്രകൃതി വാതക പൈപ്പ് ലൈൻ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ : സർ, ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ് (ഗെയിൽ)-ന്റെ പ്രകൃതി വാതക പൈപ്പ്ലൈൻ പദ്ധതി കൊച്ചി മുതൽ ബാംഗ്ലൂർ വരെ രാഷ്ട്രത്തിന് സമർപ്പിച്ചുകഴിഞ്ഞതാണ്. കേരളത്തിലെ ഏഴ് ജില്ലകളിലൂടെ കടന്നുപോകുന്ന പൈപ്പ്ലൈൻ ഇടുന്ന പ്രവൃത്തി, ഒന്നാം പിണറായി സർക്കാർ പൂർത്തീകരിക്കുകയും പ്രധാനമന്ത്രി അഭിനന്ദിക്കുകയും ചെയ്തതാണ്. 1999-ൽ ആരംഭിച്ച ഈ പദ്ധതി ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ലഭ്യമായിട്ടില്ല. നിർദ്ദിഷ്ട പെട്രോനെറ്റ് എൽ.എൻ.ജി. (ലിക്യൂഫൈഡ് പെട്രോളിയം ഗ്യാസ്) സ്ഥിതി ചെയ്യുന്ന പ്രദേശം എന്ന പരിഗണന നൽകി പുതുവൈപ്പ് പഞ്ചായത്തുൾപ്പെടെ എട്ട് പഞ്ചായത്തുകളിലും എൽ.എൻ.ജി.-യും സി.എൻ.ജി. (കമ്പ്രസ്ഡ് നാച്വറൽ ഗ്യാസ്)-യും സൗജന്യ നിരക്കിൽ ലഭ്യമാക്കേണ്ടതാണ്. ഇന്ധന വിലയും പാചകവാതക വിലയും ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സി.എൻ.ജി. വാഹനങ്ങളേയും സിറ്റി ഗ്യാസ് പദ്ധതിവഴി പ്രകൃതി വാതകത്തിന്റെയും ഉപയോഗത്തിലേയ്ക്ക് ജനങ്ങൾ മാറുന്നത് കണക്കിലെടുത്ത് പ്രസ്തുത പദ്ധതി എത്രയുംവേഗം പൂർത്തീകരിച്ച് സംസ്ഥാനമൊട്ടാകെ, പ്രത്യേകിച്ച് വൈപ്പിൻ മണ്ഡലത്തിലെ ജനങ്ങൾക്ക് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റ് പെട്രോളിയം ഇന്ധനങ്ങളേക്കാൾ വില കുറഞ്ഞതും സുരക്ഷിതവും സവിശേഷവും പരിസ്ഥിതി സൗഹൃദവുമായ പ്രകൃതി വാതകം എല്ലാ മനുഷ്യർക്കും അവകാശപ്പെട്ടതാണ്. ഇന്ന് 1 കി. ഗ്രാം. സി.എൻ.ജി. നൽകുന്ന ഊർജ്ജം മറ്റ് ഇന്ധനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, 1.39 ലിറ്റർ പെട്രോളിനും 1.18 ലിറ്റർ ഡീസലിനും തുല്യമാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ വില അടിക്കടി കൂടിവരികയാണ്. പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ് സ്ഥിതി ചെയ്യുന്നത് എന്റെ മണ്ഡലമായ വൈപ്പിനിലെ പുതുവൈപ്പിനിലാണ്. അതുകൊണ്ടാണ് മണ്ഡലത്തിലെ ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കത്തക്കവിധം സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെടുന്നത്. ഏറ്റവും ചുരുങ്ങിയത് പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡിന്റെ സി.എസ്.ആർ. (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) ഫണ്ട് ഉപയോഗിച്ച് ഇളങ്കുന്നപ്പുഴ പഞ്ചായത്തിലെ 13350 കുടുംബങ്ങളിൽ ആവശ്യമുള്ള എല്ലാവർക്കും സൗജന്യമായി ലിക്യൂഫൈഡ് നാച്വറൽ ഗ്യാസ് ലഭ്യമാക്കാനും സിറ്റി ഗ്യാസ് പദ്ധതി വൈപ്പിൻ മണ്ഡലത്തിലേയ്ക്കുടി വ്യാപിപ്പിക്കാനും വീടുകൾക്കും ചെറിയ റെസ്റ്റോറന്റുകൾക്കും കണക്ഷൻ നൽകാനും നടപടിയുണ്ടാകണം. ചെറുകിട-വൻകിട വ്യവസായങ്ങൾ, ഓട്ടോറിക്ഷകളുൾപ്പെടെയുള്ള മോട്ടോർ വാഹനങ്ങൾ സി.എൻ.ജി. ഉപയോഗത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷൻ അനുവദിച്ചുകിട്ടുന്നതിനും സർക്കാർ മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഐ.ഒ.എ.ജി.പി.എൽ.

LIBRARY ARCHIVES Kerala Legislative Assembly

(ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ്) ആണ് ഇതിന്റെ നിർവ്വഹണം നടത്തിവരുന്നത്. പി.എൻ.ജി.ആർ.ബി. (പെട്രോളിയം ആൻഡ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ്)-യുടെ തീരുമാനപ്രകാരം 2012-ൽ കമ്മീഷൻ ചെയ്ത പദ്ധതി 2021 ആയിട്ടും പൂർണ്ണതയിലെത്തിയിട്ടില്ല. 2016-ൽ അധികാരത്തിൽവന്ന പിണറായി സർക്കാരിന്റെ ഇച്ഛാശക്തി ഒന്നുകൊണ്ടുമാത്രമാണ് കേരളത്തിൽ പൈപ്പിടൽ ജോലി പൂർണ്ണമായത്. ഐ.ഒ.എ.ജി.പി.എൽ.-നുപുറമെ, ലോക്കൽ ലെവൽ അസോസിയേറ്റഡ് കമ്പനികളെക്കൂടി പരിഗണിച്ചും പങ്കാളികളാക്കി മാറ്റിയും എത്രയുംവേഗം സംസ്ഥാനത്ത്, പ്രത്യേകിച്ച് വൈപ്പിൻ മണ്ഡലത്തിലെ ഗ്രണഭോക്താക്കൾക്ക് ഇതിന്റെ സേവനം ഉറപ്പാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേരള സർക്കാരും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താനും മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) : സർ, വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ചത്. കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പ്രകൃതി വാതക പൈപ്പ്ലൈൻ പദ്ധതി രണ്ട് ഘട്ടങ്ങളായാണ് സംസ്ഥാനത്ത് നടപ്പാക്കിയത്. ഒന്നാം ഘട്ടത്തിൽ 48 കിലോമീറ്റർ ദൈർഘ്യമുള്ള പൈപ്പ്ലൈനാണ് 2013-ൽ പൂർത്തിയായത്. 2016-21-ൽ അതായത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, 450 കിലോമീറ്റർ ദൈർഘ്യമുള്ള രണ്ടാം ഘട്ടം യാഥാർത്ഥ്യമാക്കി. ഇതോടെ കേരളത്തിന്റെ വ്യാവസായിക കുതിപ്പിന് ഉത്തേജനം നൽകാനായെന്നാണ് സർക്കാർ കാണുന്നത്. ചെറുകിട-വൻകിട വ്യവസായങ്ങൾക്ക് പ്രകൃതി വാതകം ലഭ്യമാക്കുന്നതോടെ ഇന്ധനച്ചെലവ് വളരെയധികം ലാഭിക്കാമെന്നത് വ്യവസായ വികസനത്തിന് മുതൽക്കൂട്ടാകും. പ്രകൃതി വാതക പൈപ്പ്ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളിൽ ചെറുകിട വ്യവസായങ്ങൾ, വാഹനങ്ങൾ എന്നിവയ്ക്കുള്ള ഇന്ധനം വിതരണം ചെയ്യാനാകും. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്രകൃതി വാതകം വിതരണം ചെയ്യുന്നതിന് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെയാണ് പെട്രോളിയം ആൻഡ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കമ്പനിക്ക് പ്രകൃതി വാതകം നൽകുന്നതിനായി എല്ലാ ജില്ലകളിലും ആവശ്യമായ സംവിധാനം ഗെയിൽ പദ്ധതി ഒരുക്കിയിട്ടുണ്ട്. വിതരണത്തിനായുള്ള പൈപ്പ്ലൈൻ ശൃംഖല സ്ഥാപിക്കേണ്ട ചുമതല ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനാണ്. നിലവിൽ എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 10 വീതവും മലപ്പുറത്ത് മൂന്നും കോഴിക്കോട് നാലും പാലക്കാടും കണ്ണൂരും ഒന്നു വീതവും സി.എൻ.ജി. സ്റ്റേഷനുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 2026-ഓടെ വിവിധ ജില്ലകളിലായി 615 സി.എൻ.ജി. സ്റ്റേഷനുകൾ സ്ഥാപിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനാണ് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് വിഭാവനം ചെയ്തിട്ടുള്ളത്. ഗെയിൽ പൈപ്പ്ലൈൻ കടന്നുപോകാത്ത തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ വാതക വിതരണ ഏജൻസിയായി അറ്റ്ലാന്റിക്, ഗൾഫ് ആൻഡ് പെസഫിക് (എ.ജി. & പി.) എന്ന കമ്പനിയെയാണ് പെട്രോളിയം ആൻഡ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത കമ്പനി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡും എ.ജി. & പി. എന്ന കമ്പനിയും ചേർന്ന് സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി 11 ജില്ലകളിൽ ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്കുള്ള ഗ്യാസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിൽ 3761 ഗാർഹിക ഗ്യാസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. അതിന്റെ പണി ആരംഭിച്ചുവെന്നാണ് അർത്ഥം. 2022 മാർച്ച് മാസത്തോടെ 54,000 ഗാർഹിക കണക്ഷനുകൾ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സാമ്പത്തിക വർഷം പെരുമ്പാവൂർ, നോർത്ത് പറവൂർ, വെല്ലിംഗ്ടൺ ഐലൻഡ്, മരൈൻ ഡ്രൈവ് തുടങ്ങിയ പ്രദേശങ്ങളിൽ സി.എൻ.ജി. സ്റ്റേഷനുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. പെട്രോനെറ്റ് എൽ.എൻ.ജി. സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് പരിഗണന നൽകി പുതുവൈപ്പിൻ പ്രദേശത്ത് സർവ്വേ നടത്തി സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കുന്നത് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് കമ്പനിയുടെ പരിഗണനയിലാണ്.

(4) നഷ്ടപരിഹാരം

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, 2018-ലെ മഹാപ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കും വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചവർക്കും നൽകിയ നഷ്ടപരിഹാരത്തുക അർഹതപ്പെട്ടതിനേക്കാൾ അധികരിച്ചുവെന്ന് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയതിനെതുടർന്ന്, അവ തിരിച്ചടയ്ക്കാനുള്ള നോട്ടീസുകൾ റവന്യൂ വകുപ്പിൽനിന്നും നൽകിവരികയാണ്. പത്തനംതിട്ട ജില്ലയിൽമാത്രം ഏകദേശം നാനൂറോളം നോട്ടീസുകൾ നൽകിയെന്നാണ് ഡി.ഡി.സി. (ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കൗൺസിൽ) യോഗത്തിൽ പറഞ്ഞത്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു വിധവ കഴിഞ്ഞ ദിവസം കൈപ്പറ്റിയ ഒരു നോട്ടീസിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയാണ്. അവർക്ക് പുതിയ വീട് പണിയാൻവേണ്ടി ഒന്നേകാൽ ലക്ഷം രൂപ അനുവദിച്ചിരുന്നു. പണിതുകഴിഞ്ഞതിനുശേഷം, ആ തുക 7 ദിവസത്തിനകം തിരിച്ചടച്ചില്ലെങ്കിൽ നിയമ നടപടി സ്വീകരിക്കുമെന്നാണ് നോട്ടീസിൽ സൂചിപ്പിക്കുന്നത്. കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നതെന്ന് ആരെയും ഓർമ്മിപ്പിക്കേണ്ടതില്ല. ഒരു ഭാഗത്ത് മൈക്രോഫിനാൻസുകാർ റൗഡിസം കാണിച്ച് പണം തിരിച്ചുപിടിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ സൂചിപ്പിച്ച സംഭവത്തിൽ, കൃത്രിമം